**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4292** **12.11.2019-ൽ മറുപടിക്ക്**

**കോട്ടയ്ക്കൽ മണ്ഡലത്തിൽ പുതിയ ട്രാൻസ് ഫോർമറുകൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിൽ പുതിയ ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് സെക്ഷനുകളിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എക്സിക്യൂട്ടീവ് എൻജിനീയർ ഓഫീസുകളിലും നിലവിലുള്ള പ്രൊപ്പോസൽ പരിശോധിച്ചിട്ടുണ്ടോ; | (എ) | കോട്ടയ്ക്കൽ മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് പ്രൊപ്പോസലുകൾ പരിശോധിച്ചിട്ടുണ്ട്. കോട്ടയ്ക്കൽ സെക്ഷനു കീഴിൽ പാണ്ടമാഗലം എന്ന സ്ഥലത്ത് ട്രാൻസ് ഫോർമർ സ്ഥാപിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. എടൂർ സെക്ഷനു കീഴിൽ പുറമണ്ണൂർ ആശാരിക്കടവു ഭാഗത്ത് ട്രാൻസ് ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിന്ന് ത്രീഫേസ് ലൈനുകളാക്കി മാറ്റുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അതിനുള്ള നടപടി സ്വീകരിക്കുമോ യെന്ന് വെളിപ്പെടുത്താമോ ; | (ബി) & (സി) | കോട്ടയ്ക്കൽ മണ്ഡലത്തിലെ എടയൂർ, കോട്ടയ്ക്കൽ സെക്ഷനുകളിലായി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുന്നതിന് രണ്ട് അപേക്ഷകൾ പ്രദേശവാസികളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇത് കൂടാതെ പുറമണ്ണൂർ ആശാരിക്കടവു ഭാഗത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ബഹു: എം എൽ.എ മുഖേനയും നിവേദനം ലഭിച്ചിട്ടുണ്ടായിരുന്നു.<br>2018-19ൽ പ്രദേശവാസികളിൽ നിന്നും ലഭിച്ച അപേക്ഷ പ്രകാരം പൂക്കാട്ടിരി- അഴകത്തുകുളം ഭാഗത്ത് 100 മീറ്റർ ത്രീഫേസ് ലൈൻ നിർമ്മിക്കുകയും 500 മീറ്റർ നിലവിലുള്ള സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ചേലക്കോട് നിന്നും 07/10/2019ൽ ലഭിച്ച അപേക്ഷയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ പുരോഗമിക്കുന്നു.<br>ബഹു: എം .എൽ.എ മുഖേന ലഭിച്ച നിവേദനത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പുറമണ്ണൂർ ആശാരിക്കടവു ഭാഗത്ത് 11 കെ. വി ലൈൻ വലിച്ച് ട്രാൻസ് ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br>ഇത് കൂടാതെ കോട്ടയ്ക്കൽ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി, 2019-20 ൽ താഴെ പറയുന്ന പ്രവൃത്തികളും പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (സി) | കോട്ടയ്ക്കൽ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | • പാണ്ടമംഗലത്ത് 100 കെ.വി.എ (kVA) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി 100 മീറ്റർ 11 കെ. വി ലൈൻ വലിക്കുന്ന പ്രവൃത്തിയും, 500 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കി മാറ്റുന്ന പ്രവൃത്തിയും. 400 മീറ്റർ ത്രീ ഫേസ് ലൈൻ നിർമിക്കുന്ന പ്രവൃത്തി.<br>• ചേലക്കാട് ഭാഗത്ത് 500 മീറ്റർ സിംഗിൾ ഫേസ് ലൈൻ റ്റു ത്രീ ഫേസ് ലൈൻ കൺവേർഷൻ, 400 മീറ്റർ ത്രീ ഫേസ് ലൈൻ നിർമിക്കുന്ന പ്രവൃത്തി.<br>• 300 മീറ്റർ 11 കെ. വി ലൈൻ വലിച്ച്, പള്ളിപ്പുറത്ത് 100 കെ.വി.എ(kVA) ട്രാൻസ്ഫോർമർ സ്ഥാപിക്കുവാനും, 300 മീറ്റർ ത്രീ ഫേസ് ലൈൻ നിർമിക്കുന്ന പ്രവൃത്തി.<br>• 400 മീറ്റർ 11 കെ. വി ലൈൻ വലിച്ച്, ചിറാപുഞ്ചി എന്ന സ്ഥലത്ത് 100 കെ.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുവാനും, 100 മീറ്റർ ത്രീ ഫേസ് ലൈൻ നിർമിക്കുന്ന പ്രവൃത്തി. |
| (ഡി) | കാടാമ്പുഴ കെ.എസ്.ഇ.ബി. ഓഫീസിന്റെ കെട്ടിടനിർമ്മാണം സംബന്ധിച്ച് സർക്കാരിലും ബോർഡിലും ഉള്ള ഫയലിന്റെ അവസ്ഥയെന്താണെന്ന് അറിയിക്കുമോ; പ്രസ്തുത കെട്ടിടനിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | കാടാമ്പുഴ മലറോഡിനു സമീപം കാടാമ്പുഴ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമിക്കുന്നതിനായി അനുവദിച്ച റി.സ.**180/**തനി എന്ന നമ്പറിൽപ്പെട്ട മേൽക്കറി വില്ലേജിന്റെ പരിധിയിൽ വരുന്ന റവന്യൂ ഭൂമിയിലെ ബാക്കി ഭാഗത്തിൽ നിന്നും **15** സെന്റ് സ്ഥലം കാടാമ്പുഴ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ നിർമാണത്തിനായി വിട്ടു നൽകുവാൻ വേണ്ടി നടപടികൾ സ്വീകരിക്കുന്നതിനായി **25.05.2019**ൽ ബഹു.മലപ്പുറം കളക്ടറുടെ ഓഫീസിലേക്ക് അനുമതിയ്ക്കായി കത്തയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ